"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ്-കുടുംബശ്രീ- ജനകീയ ഹോട്ടൽ രൂപീകരണവുമായി ബന്ധപ്പെട്ട തടസ്സങ്ങൾ ദൂരീകരിക്കുന്നതിന് തുടർ നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഐ.എ)വകുപ്പ്

**സ.ഉ.(സാധാ) നം.522/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 22/02/2021

---

പരാമർശം:- 1 06.03.2020 തീയതിയിലെ സ.ഉ(കൈ)നം.45/2020/തസ്വഭവ

2 12.02.2021 തീയതിയിലെ സ.ഉ(സാധാ)നം.400/2021/തസ്വഭവ

3 15.02.2021-ലെ ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ നടന്ന യോഗതീരുമാനം

<u>ഉത്തരവ്</u>

ജനകീയ ഹോട്ടലുകൾ ആരംഭിക്കുന്നതിനുള്ള മാർഗ്ഗരേഖ പരാമർശം(1) പ്രകാരവും പ്രസ്തുത മാർഗ്ഗരേഖ പരിഷ്കരിച്ചുകൊണ്ട് പരാമർശം (2) പ്രകാരവും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. വിശപ്പ രഹിതകേരളം പദ്ധതിയുടെ ഭാഗമായി ആരംഭിച്ച ജനകീയ ഹോട്ടലുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും ഹോട്ടലുകൾ ആരംഭിക്കുന്നതിൽ നേരിടുന്ന തടസ്സങ്ങൾ ദൂരീകരക്കുന്നതിനുമായി പരാമർശം (3)-ലെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജനകീയ ഹോട്ടലുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട്. ചുവടെ പറയും പ്രകാരം തുടർ നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. പഞ്ചായത്തുകളിൽ ഒന്നിലധികവും നഗരസഭകളിൽ 10 വാർഡിന് ഒന്ന് എന്നും നിജപ്പെടുത്താതെ പ്രാദേശിക സാധ്യതയ്ക്കും ആവശ്യത്തിനുമനുസരിച്ച് ജനകീയ ഹോട്ടലുകൾ ആരംഭിക്കാവുന്നതാണ്.
2. സ്ഥലസൌകര്യം കുറവുള്ള സ്ഥലങ്ങളിൽ ഹോട്ടലുകളുടെ അടിസ്ഥാന സൌകര്യങ്ങൾ വികസിപ്പിക്കുന്നതിനായി ഗ്രാമ/ജില്ല/ബ്ലോക്ക് പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും തങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നും തനത് ഫണ്ടിൽ നിന്നും ഡിപിസി തീരുമാനത്തിനു വിധേയമായി ജനകീയ ഹോട്ടലിനാവശ്യമായ തുക അനുവദിക്കാവുന്നതാണ്.
3. ജനകീയ ഹോട്ടലുകൾ തുടങ്ങുവാനുള്ള തീരുമാനം കൈക്കൊള്ളാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കുടുംബശ്രീ മുൻകൈ എടുത്ത് ആരംഭിക്കുന്ന പക്ഷം ടി യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട്, ഊണിനുള്ള സബ് സിഡി, എസ്റ്റാബ്ലിഷ്മെന്റ് പെർമിറ്റ് പ്രകാരമുള്ള അരി എന്നീ ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്. എന്നാൽ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു ജനകീയ ഹോട്ടൽ തുടങ്ങുകയും പിന്നീട് കുടുംബശ്രീയുടെ നേതൃത്വത്തിൽ അടുത്ത ജനകീയ ഹോട്ടൽ ആരംഭിക്കുകയുമാണെങ്കിൽ അത്തരം യൂണിറ്റുകൾക്ക് ആനുകൂല്യങ്ങൾ

നൽകേണ്ടതില്ല

4. വയനാട് ജില്ലയിലെ തോട്ടം മേഖലയിൽ ജനകീയ ഹോട്ടലുകൾ ആരംഭിക്കാവുന്നതും ഇതു മുഖേന 10 രൂപ നിരക്കിൽ ഉച്ചക്കഞ്ഞി നൽകാവുന്നതും ആയതിന് 10 രൂപ സബ് സിഡി നൽകേണ്ടതുമാണ്

5. 2021 മാർച്ച് 31 വരെ നൽകിയിരുന്ന എസ്റ്റാബ്ലിഷ്മെന്റ് പെർമിറ്റ് ഒരു വർഷത്തേയ്ക്കു കൂടി ദീർഘിപ്പിച്ചു നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**യു വി ജോസ് ഐ എ എസ്**

**സ്പെഷ്യൽ സെക്രട്ടറി**

പകർപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ), കേരള

തിരുവനന്തപുരം

എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖേന)

ജില്ലാ പ്ലാനിംഗ് ഓഫീസർമാർ(കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖേന)

ചെയർമാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്

ബഹു.ധനകാര്യ വകുപ്പ മന്ത്രിയുടെ പി.എസ്-ന്

ബഹു.ഭക്ഷ്യപൊതുവിതരണ വകുപ്പ മന്ത്രിയുടെ പി.എസ്-ന്